# ലിംഗ്വ -വേർസ്: ഭാഷാ- ഭാഷാശാസ്ത്രപര്യവേക്ഷണം

കേരളസർവ്വകലാശാല, ഭാഷാശാസ്ത്രവകുപ്പിന്റെ അറുപതാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഭാഷയും ഭാഷാശാസ്ത്രവും എന്ന വിഷയത്തിൽ സംസ്ഥാനതലത്തിൽ നടത്തുന്ന ക്വിസ്.

**ലക്ഷ്യം**:

കേരളസർവകലാശാല, ഭാഷാശാസ്ത്രവകുപ്പിന്റെ അറുപതാം വാർഷികാഘോഷത്തോടനുബന്ധിച്ചു നടത്തുവാൻ രൂപകൽപന ചെയ്തിട്ടുള്ള സംസ്ഥാനതല ക്വിസാണ് ഇത്. ഭാഷാശാസ്ത്രത്തേയും, ഭാഷയുടെ പ്രാധാന്യത്തേയും, ഭാഷാശാസ്ത്രപരമായ അന്വേഷണങ്ങളേയും കുറിച്ച് ഒരു അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ സർവകലാശാലകളേയും ഭാഷാശാസ്ത്രതല്പരരേയും കോർത്തിണക്കിക്കൊണ്ട് ഭാഷാശാസ്ത്രത്തെക്കുറിച്ചും സമൂഹത്തിൽ ഈ വിഷയത്തിനുള്ള പ്രാധാന്യത്തെക്കുറിച്ചും തിരിച്ചറിവ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.

**ക്വിസിന്റെ ഘടന**:

ലിംഗ്വ -വേർസ് 2024 മൂന്ന് തലങ്ങളിലായാണ് നടത്തപ്പെടുന്നത്:

1. കോളേജ്/ വകുപ്പ് തലം:
    - പ്രാഥമിക ഘട്ടം കോളേജ്/ വകുപ്പ് തലത്തിൽ നടത്തപ്പെടും.
    - കോളേജ്/ വകുപ്പ് തലത്തിൽ വിജയിക്കുന്ന 2 ടീമുകൾ അടുത്ത ഘട്ടത്തിലേയ്ക്ക് യോഗ്യത നേടുന്നതായിരിക്കും.

- ഫെബ്രുവരി 28-ആം തിയ്യതിക്കുള്ളിൽ അതതു കോളേജ്/ വകുപ്പുകൾ ഈ ഘട്ടം പൂർത്തീകരിക്കേണ്ടതാണ്.
- വിജയികളുടെ പേര് വിവരങ്ങൾ അതതു സർവ്വകലാശാലകളിലേയ്ക്ക് മാർച്ച് 10-ആം തിയ്യതിക്കുള്ളിൽ അയക്കേണ്ടതാണ്.

2. സർവ്വകലാശാല തലം:
   - കോളേജ്/ വകുപ്പ് തലത്തിലെ വിജയികൾ തമ്മിൽ മത്സരമാണ് ഈ തലത്തിൽ നടത്തുന്നത്.
   - ഓരോ സർവ്വകലാശാലയിലേയും മികച്ച രണ്ട് ടീമുകൾ അവസാന ഘട്ടത്തിലേക്ക് കടക്കും.
   - ഈ ഘട്ടം മാർച്ച് 30-ആം തിയ്യതിക്കുള്ളിൽ അതതു സർവ്വകലാശാലകൾ നടത്തേണ്ടതാണ്.
   - വിജയികളുടെ പേര് ഏപ്രിൽ 5-ആം തിയ്യതിക്കുള്ളിൽ സംഘാടകർക്ക് അയക്കേണ്ടതാണ്.

3. അവസാന ഘട്ടം:
   - കേരളസർവകലാശാല ഭാഷാശാസ്ത്രവകുപ്പ് നേതൃത്വം നൽകും.
   - എല്ലാ സർവകലാശാലകളിലേയും 2 ടീമുകൾ അവസാനഘട്ടത്തിൽ മത്സരിക്കും.
   - ഒരു പ്രസിദ്ധ ടി.വി ചാനലിലൂടെ അവസാന ഘട്ടം സംപ്രേഷണം ചെയ്യപ്പെടുന്നതായിരിക്കും..
   - അവസാന ഘട്ടം ഏപ്രിൽ മാസത്തിലെ അവസാന ആഴ്ചയിൽ നടത്തപ്പെടുന്നതായിരിക്കും.

**പങ്കെടുക്കാവുന്നവർ**:

കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള എല്ലാ കോളേജുകളിലേയും വകുപ്പുകളിലേയും സർവ്വകലാശാലകളിലേയും, ഭാഷയോടും ഭാഷാശാസ്ത്രത്തോടും താല്പര്യമുള്ള ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർഥികൾക്കും ഗവേഷകർക്കും പ്രസ്തുത ക്വിസ്സിൽ പങ്കെടുക്കാവുന്നതാണ്.

**വിഷയങ്ങൾ**:

സൈദ്ധാന്തികഭാഷാശാസ്ത്രം, പ്രയുക്തഭാഷാശാസ്ത്രം, ഗോത്ര ഭാഷകൾ, ഭാഷാകുടുംബങ്ങൾ, 8-ആം പട്ടികയിലുള്ള ഭാഷകൾ, ഇന്ത്യൻഭാഷകൾ, മാതൃഭാഷ, കേരളത്തിലെ ഭാഷകൾ, ഭാഷയുടെ തത്വശാസ്ത്രം എന്നിങ്ങനെ ഭാഷയുമായി ബന്ധപ്പെട്ട മേഖലകളെ അടിസ്ഥാനമാക്കി ആയിരിക്കും ക്വിസ്.

**സമ്മാനങ്ങളും അംഗീകാരങ്ങളും**:

- ഒന്നാം സമ്മാനം: ₹10,000
- രണ്ടാം സമ്മാനം: ₹5,000
- മൂന്നാം സമ്മാനം: ₹2,500
- ഓരോ തലങ്ങളിലേയും വിജയികൾക്ക് ഭാഷാശാസ്ത്രത്തിലുള്ള അവരുടെ മികവിനെ അംഗീകരിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം നൽകുന്നതായിരിക്കും.

**ബന്ധപ്പെടാൻ**

പേരുകൾ നൽകുന്നതിനും, ബന്ധപ്പെടുക:

പ്രൊഫ. എസ് എ ഷാനവാസ് 8075717557
സൂരജ് ബാബു 9526880475

ഭാഷയുടേയും ഭാഷാശാസ്ത്രത്തിന്റെയും സമ്പന്നമായ ലോകത്തെ ഉൾക്കൊള്ളുന്നതിനായി ഞങ്ങളോടൊപ്പം ലിംഗ്വ -വേർസിൽ പങ്കുകൊള്ളു. നിങ്ങൾ ഒരു ഭാഷാശാസ്ത്ര വിദ്യാർത്ഥിയോ, ഭാഷാശാസ്ത്രത്തോട് താല്പര്യമുള്ള വ്യക്തിയോ ആകട്ടെ, പ്രസ്തുത പരിപാടിയിലൂടെ നിങ്ങൾക്ക് ഭാഷയുടേയും ഭാഷാശാസ്ത്രത്തിന്റെയും സങ്കീർണ്ണമായ മേഖലയെ അറിയാനും, പഠിക്കാനും, ഉൾക്കൊള്ളാനും അവസരമൊരുക്കുന്നു. ഈ പ്രസ്തുത ക്വിസ് മത്സരത്തിൽ ഞങ്ങളോടൊപ്പം ചേരാൻ നിങ്ങളേയും ക്ഷണിക്കുന്നു.